പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1856 01.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യുടെ പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>" ജി.എസ്.ജയലാൽ<br>" ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പ്രൊഫ സുശീൽ ഖന്നയുടെ ഇടക്കാല പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>വായ്പകളുടെ പുനഃക്രമീകരണം :<br>നിലവിൽ ഉയർന്ന പലിശ നിരക്കിലും, കുറഞ്ഞ കാലാവധിയിലും എടുത്തിട്ടുള്ള വായ്പകൾ പുനഃക്രമീകരിച്ച് 31-3-2018 ൽ ബാങ്കുകളുടെ ഒരു കൺസോർഷ്യത്തിലൂടെ 9.2% പലിശ നിരക്കിൽ 20 വർഷകാലാവധിയുള്ള വായ്പയാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതിന്റെ ഫലമായി വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽ നിന്ന് ഗണ്യമായ തുക ലാഭിക്കുവാൻ കഴിഞ്ഞു.<br>മാനേജ്മെന്റ് പ്രൊഫഷണലിസം :<br>പ്രൊഫഷണലിസം കൊണ്ടു വരുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ഹെഡ് ഓഫീസിൽ മൂന്ന് ചാർട്ടേഡ് അക്കൗണ്ടന്റ് / കോസ്റ്റ് അക്കൗണ്ടന്റ്-നെ നിയമിച്ചിട്ടുണ്ട്. കൂടാതെ ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ), ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്) എന്നീ തസ്തികകളിലും ജീവനക്കാരെ നിയമിച്ചു. ടിയാളുകൾ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യെ മൂന്ന് ലാഭകേന്ദ്ര |

ങ്ങളാക്കി 25-7-2018 മുതൽ നടപ്പിൽ വരുത്തി.

മേഖലാവത്ക്കരണം :

സ്വയം പര്യാപ്തവും മൽസര ബുദ്ധിയോടുകൂടി പ്രവർത്തിക്കുന്ന മൂന്ന് ലാഭ കേന്ദ്രങ്ങളാണ് മേഖലാവത്ക്കരണത്തിലൂടെ ലക്ഷ്യമിടുന്നത്. ഇതിലൂടെ പൊതുജനങ്ങൾക്കും, യാത്രക്കാർക്കും കൂടുതൽ സേവനം സമയബന്ധിതമായി നൽകുവാൻ കഴിയും. അതിലൂടെ കൂടുതൽ വരുമാനം നേടാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിൻ പ്രകാരം കെ.എസ്.ആർ.ടി.സി.യെ ചുവടെ പറയുന്ന തരത്തിൽ മൂന്ന് ലാഭ കേന്ദ്രങ്ങളാക്കി രൂപീകരിച്ചു.

| പേര് | റവന്യൂ ജില്ല | ആസ്ഥാനം |
|---|---|---|
| സൗത്ത് സോൺ | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | തിരുവനന്തപുരം സെൻട്രൽ |
| സെൻട്രൽ സോൺ | ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ | എറണാകുളം ബോട്ട് ജെട്ടി |
| നോർത്ത് സോൺ | മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് | കോഴിക്കോട് |

പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിൻ പ്രകാരം പ്രൊഫഷണൽ യോഗ്യതയുള്ള ജനറൽ മാനേജർമാരെ തിരഞ്ഞെടുത്ത് നിയോഗിക്കുന്നതുവരെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ (ഓപ്പറേഷൻ) ചുമതല വഹിച്ചിരുന്ന ചീഫ് ട്രാഫിക് മാനേജർ, എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ), എക്സിക്യൂട്ടീവ് ഡയറക്ടർ (മെയിന്റനൻസ് & വർക്സ്), എന്നിവരെ പ്രസ്തുത മേഖലകളുടെ മേഖലാ അധികാരികളായി നിയമിക്കുകയും ചെയ്തു.

വരുമാന വർധനവ് വരുത്തുക എന്നതാണ് പ്രധാനമായും പ്രസ്തുത മേഖലകളുടെ രൂപീകരണം കൊണ്ട് ലക്ഷ്യമിടുന്നത്. ജീവനക്കാരുടെ വിന്യാസം, ജീവന

| | | | |
|---|---|---|---|
| | | | ക്കാരുടെ അപേക്ഷകൾ, സർവ്വീസ് ഓപ്പറേഷന് ആവശ്യമായ ബസ്സുകളുടെ വിന്യാസം, സാമ്പത്തിക ഇടപാടുകൾ മുതലായ തദ്ദേശീയമായി പരിഹരിക്കേണ്ടുന്നവ എക്സിക്യൂട്ടീവ് ഡയറക്ടർ റാങ്കിലുള്ള മേഖലാ അധികാരികളുടെ കീഴിൽ കൊണ്ടുവരുമ്പോൾ ചീഫ് ഓഫീസിൽ നിന്ന് ആവശ്യങ്ങൾ പരിഹരിച്ചു വരുന്നതിനേക്കാൾ വേഗത്തിൽ പൂരത്തീകരിക്കാനാകും. ആയത് കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ ശാക്തീകരിക്കും.<br>സർവ്വീസുകളുടെ പുനഃക്രമീകരണം :<br>സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും, കെ.എസ്.ആർ.ടി.സി.യും സംയുക്തമായി സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുംമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയ തരം സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ വിജയകരമായി നടത്തിവരുന്നു. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്.<br>വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി. ബസ്സുകൾ ഉപയോഗിച്ച് സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിലും നടത്തി വരുന്നു.<br>കെ.എസ്.ആർ.ടി.സി.യിൽ 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തി വരുന്നു. പരിസ്ഥിതി സൗഹാർദ്ദവും, ശബ്ദരഹിതവും ആയ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാ സൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. ടി ബസ്സുകൾ ഇപ്പോൾ ദീർഘദൂര സർവ്വീസുകൾക്ക് കെ.എസ്.ആർ.ടി.സി ഉപയോഗിച്ച് വരുന്നു.<br>കെ.എസ്.ആർ.ടി.സിയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം പുനഃക്രമീകരിച്ചു. പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനും, പുതിയ വർക്ക് നോംസ് തയ്യാറാക്കുന്നതിനുമായി സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ എൽപ്പിക്കുകയും അവർ നൽകിയ കരട് റിപ്പോർട്ട് പ്രകാരം ഉള്ള ശുപാർശകൾ നടപ്പിലാക്കുന്നത് പുരോഗതിയിലാണ്. ഒരു പരിധിവരെ ഫ്ലോട്ട് യൂണിറ്റുകൾ വാങ്ങി നൽകുന്നതിന് സാധിച്ചു. എന്നാൽ സാമ്പത്തിക പരാധീനത മൂലം പൂർണ്ണ തോതിൽ ഫ്ലോട്ട് |

| | | | |
|---|---|---|---|
| | | | യൂണിറ്റുകൾ വാങ്ങി ഉപയോഗിക്കുന്നതിന് സാധിച്ചിട്ടില്ല. ഇന്ധനക്ഷമത ദേശീയ ശരാശരിയിലേക്ക് എത്തിക്കുന്നതിലേക്കായി ഡ്രൈവർമാർക്ക് ട്രെയിനിംഗ് നൽകുകയും അതോടൊപ്പം തന്നെ ഡിപ്പോ മോണിറ്ററിംഗ് ശക്തിപ്പെടുത്തി ഇന്ധനക്ഷമത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്പെയർ പാർട്സ് വാങ്ങുന്നതും ഇൻവെന്ററി കൺട്രോൾ ഏകീകരിക്കുക, എന്നീ ശുപാർശകളിന്മേൽ നടപടി ആരംഭിക്കുകയും ആയത് പുരോഗതിയിലുമാണ്. ഡിപ്പോ വർക്ക്ഷോപ്പുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുകയും ആയതിന്റെ പ്രവർത്തന മികവ് വിലയിരുത്തുകയും ചെയ്തുവരുന്നു. ബസിന്റെ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർക്ക്ഷോപ്പുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനുള്ള നടപടിക്രമം നടപ്പിലാക്കി വരുന്നു. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലിസമയം ക്രമീകരിച്ച് വാഹനങ്ങൾക്ക് യഥാസമയം മെയിന്റനൻസ് പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണം നടത്തുകയും ആയത് ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ ഡ്യൂട്ടി പരിഷ്കരണത്തിലൂടെ മെയിൻറനൻസിനായി പകൽ സമയം ബസ്സുകൾ പിടിച്ചിടുന്നത് ഒഴിവായതിലൂടെ കുറഞ്ഞത് 100 ബസ്സുകൾ എങ്കിലും പ്രതിദിനം അധികമായി സർവ്വീസിന് നൽകാനും കഴിയുന്നുണ്ട്. ടയർ, കെ.എം.പി.എൽ, ലൂബ്രിക്കൻസ് എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മൂന്ന് മേഖലകളായി തിരിച്ച് അസിസ്റ്റന്റ് വർക്ക്സ് മാനേജർമാരെ നിയോഗിച്ച് തുടർ നടപടി സ്വീകരിച്ച് വരുന്നു.<br>വിവര സാങ്കേതികവിദ്യയുടെ വ്യാപനം :<br>സമ്പൂർണ്ണ കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി H.R മാനേജ്മെന്റ്, പേ റോൾ, ജീവനക്കാരുടെ സ്ഥലം മാറ്റം എന്നിവ പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ ഹാജർ |

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്തുന്നതിന് ബയോമെട്രിക്സ് പഞ്ചിംഗ് സംവിധാനവും, അതിനോടൊപ്പം leave management software ഉം നടപ്പിലാക്കിയിട്ടുണ്ട്. Total accounting, Store, Inventory Management തുടങ്ങിയവ നടപ്പിലാക്കുന്നതിലേയ്ക്കായി M/s. PWC യുടെ സഹായത്താൽ RFP/Bid document തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>കെ.എസ്.ആർ.ടി.സി.യിൽ സർവ്വീസ് ഓപ്പറേഷൻസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് Route Rationalization, schedule chronology തുടങ്ങിയവ തയ്യാറാക്കുന്നതിലേയ്ക്കായി നിലവിലെ ETM, on-line tracking data-base മുതലായവ ഉപയോഗിച്ച് data analytics നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതുപയോഗിച്ച് dynamic reporting, predictive analysis തുടങ്ങിയവ ചെയ്യാവുന്നതാണ്. റിപ്പോർട്ടിൽ zone/depot അനുസരിച്ച് web based integrated dash board ഉണ്ടായിരിക്കുന്നതാണ്. വിവിധ തരത്തിലുള്ള performance report കൾ ചാർട്ടുകളായി ഓരോ zone / depot / schedule എന്നിവയുടെ താരതമ്യം സാധ്യവുമാണ്. Vehicle efficiency report, revenue report, boarding & alighting analysis, conductor efficiency on different route, ticket- type analysis മുതലായവ ഇതിന്റെ ഭാഗമാണ്. കൂടാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോൺ ആപ് ഉപയോഗിച്ചും ഇവയെല്ലാം പരിശോധിക്കാവുന്നതാണ്. പരീക്ഷണാടിസ്ഥാനത്തിൽ 10 ഡിപ്പോകളിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു, ആയതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.<br>ഡ്രൈവർമാർക്ക് ഇൻസെന്റീവ് :<br>കൂടുതൽ ഇന്ധനക്ഷമത കൈവരിക്കുന്ന ഡ്രൈവർ മാർക്ക് ഇൻസെന്റീവ് നൽകുക അതുവഴി ഇന്ധനക്ഷമത വർദ്ധിപ്പിക്കുക. ഇതുപ്രകാരം 5 ഉം അതിലധികവും KMPL നേടുന്ന ഡ്രൈവർമാർക്ക് ഡ്യൂട്ടി തീരുന്ന |

| | | | |
|---|---|---|---|
| | | | സമയത്തുതന്നെ 100 രൂപ ഇൻസെന്റീവായി നൽകുന്നുണ്ട്.<br>വെറ്റ് ലീസ് അടിസ്ഥാനത്തിൽ ബസ് സർവ്വീസ് :<br>പുതിയ റൂട്ടുകൾക്കായി അധിക ബസ്സുകൾ സ്വന്തമായി വാങ്ങുന്നതിനു പകരമായി ബസ്സുകൾ വാടകയ്ക്കെടുത്ത് കോർപ്പറേഷന്റെ ജീവനക്കാരെ ഉപയോഗിച്ച് ഓപ്പറേറ്റ് ചെയ്യുക. ഇതിൻ പ്രകാരം പരീക്ഷണാടിസ്ഥാനത്തിൽ 10 മൾട്ടി ആക്സിൽ സ്കാനിയ ബസ്സുകൾ വാടകയ്ക്കെടുത്ത് 2017 നവംബർ മാസം 1-ാം തീയതി മുതൽ ഓടിച്ചു തുടങ്ങി. പുതിയ സംവിധാനത്തിൽ ഡ്രൈവറും ബസ്സും കമ്പനിയുടേതും, കണ്ടക്ടർ കോർപ്പറേഷന്റേതുമാണ്. ടി സംവിധാനത്തിൽ സമയക്ലിപ്തത, സർവ്വീസിന്റെ വിശ്വാസ്യത എന്നീ മേഖലകളിൽ മെച്ചപ്പെട്ടിട്ടുണ്ട്. വരുമാനത്തിലും നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സർക്കാരിന്റെ എൺവെയർമെന്റൽ പോളിസിയും കൂടി കണക്കിലെടുത്ത് പരീക്ഷണാടിസ്ഥാനത്തിൽ 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് അടിസ്ഥാനത്തിൽ എടുത്ത് ശബരിമലയിൽ ഉപയോഗിച്ചിട്ടുണ്ട്.<br>ഫ്ലക്സി ഫെയർ നടപ്പാക്കുന്നതു സംബന്ധിച്ച്:<br>ബാംഗ്ലൂർ സർവ്വീസുകളിൽ നിലവിൽ ഫ്ലക്സി ഫെയർ ഏർപ്പെടുത്തിയിട്ടുണ്ട്.<br>കെ.എസ്.ആർ.റ്റി.സി.യിലെ പെൻഷൻ :<br>പ്രതിമാസ പെൻഷൻ നൽകുന്നതിലേയ്ക്ക് 62 കോടി രൂപ ആവശ്യമാണ്. നിലവിൽ കെ.എസ്.ആർ.ടി.സിയും, സഹകരണ ബാങ്കുകളും തമ്മിൽ ഏർപ്പെട്ടിരിക്കുന്ന കരാർ പ്രകാരം പെൻഷൻ കൃത്യമായി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.<br>തമിഴ്നാടുമായുള്ള അന്തർ സംസ്ഥാന കരാർ :<br>ഡീസൽ, സ്പെയർ പാർട്സ് മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവയിലുണ്ടായ വിലവർദ്ധന കണക്കാക്കി 1-3-2018 മുതൽ കേരളത്തിലെ സ്റ്റേജ് ക്യാരേജുകളുടെ നിരക്ക് വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ, കോർപ്പറേഷനിൽ ഈ നിരക്ക വർദ്ധനവ് നടപ്പിലാ |

ക്കിയിട്ടുണ്ട്. ഈ ചാർജ്ജ് വർദ്ധനവ് മൂലം ഏതാണ്ട് 40 ലക്ഷം രൂപയുടെ അധിക വർദ്ധനവുണ്ടായിട്ടുണ്ട്. കൂടാതെ സർവ്വീസ്സുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എടുത്ത നടപടികളുടെ ഭാഗമായി വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. വർഷങ്ങളായി മുടങ്ങികിടന്ന തമിഴ്നാടുമായുള്ള അന്തർ സംസ്ഥാന കരാർ പുതുക്കി. ഇതിൻ പ്രകാരം 49 റൂട്ടുകളിലായി 88 ബസ്സുകൾ ഉപയോഗിച്ച് പുതുതായി 8865 കി.മീറ്റർ ദൂരം സർവ്വീസ് ആരംഭിക്കണം എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

വാഹനവ്യൂഹത്തിന്റെ ഉപയോഗം :

വാഹന വ്യൂഹത്തിന്റെ ഉപയോഗം പ്രൊഫ. സുശീൽ ഖന്ന നിർദ്ദേശിച്ച പ്രകാരം 95%ൽ എത്തിക്കുന്നതിന് കടുത്ത സാമ്പത്തിക പരാധീനത കാരണം സാധിക്കുന്നില്ല. ബസ്സുകൾ ഓഫ് റോഡ് ആകാതെ സമയബന്ധിതമായി നിരത്തിലിറക്കുന്നതിന് എല്ലാ പ്രധാനഭാഗങ്ങളും ഫ്ലോട്ട് യൂണിറ്റുകളാക്കി മുൻകൂർ നൽകുന്നതിന് സംവിധാനം ഒരുക്കണം. ഇത്തരത്തിൽ കുറഞ്ഞ അളവിൽ ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമായി എങ്കിലും സാമ്പത്തിക പ്രതിസന്ധി കാരണം മേൽ ഫ്ലോട്ട് യൂണിറ്റുകൾ റീ-കണ്ടീഷൻ ചെയ്യാനാകാതെ സ്പെയർ പാർട്സിന്റെ കുറവുകാരണം സൂക്ഷിച്ചിരിക്കുകയാണ്. കൂടുതൽ ഫ്ലോട്ട് യൂണിറ്റുകൾ വാങ്ങുന്നതിനും നിലവിലുള്ളവ റീ-കണ്ടീഷൻ ചെയ്യുന്നതിനുമായി സാമ്പത്തിക സഹായത്തിനായി സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഫ്ലീറ്റ് യൂട്ടിലൈസേഷൻ വർദ്ധിപ്പിച്ച് കൊണ്ടുവരുവാൻ കഴിയുന്നതാണ്.

Idling of Buses :

ജീവനക്കാരുടെ കുറവുകൊണ്ട് വാഹനം ഓടിക്കാൻ കഴിയാത്ത അവസ്ഥ കുറയ്ക്കുന്നതിന് നിലവിലുണ്ടായിരുന്ന കേരള പി.എസ്.സി. നിയമനോപദേശം നൽകിയ കണ്ടക്ടർ വിഭാഗം ജീവനക്കാരെ മുഴുവൻ ഒഴിവുള്ള യൂണിറ്റുകളിൽ നിയമിച്ചു.

| | | | |
|---|---|---|---|
| | | | വർക് ഷോപ്പുകളുടെ പ്രവർത്തനവും ആധുനികവത്ക്കരണവും സംബന്ധിച്ച്:<br>വർക്ക്ഷോപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പ്രൊഫ. സുശീൽ ഖന്ന, ശ്രീ. ഹനുമന്ത റാവു എന്നിവരുടെ നേതൃത്വത്തിൽ മെക്കാനിക്കൽ വിഭാഗം സീനിയർ ഉദ്യോഗസ്ഥരുടെയും, വർക്ഷോപ്പ് മേധാവികളുടെയും നാല് ദിവസത്തെ ശിൽപശാല നടത്തുകയും, വർക്നോംസ് പരിഷ്കരിച്ച് ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും, തദ്വാര മനുഷ്യ പ്രയത്നം കുറയ്ക്കുന്നതിനും വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിന് കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തി, അവരുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ടി വിഷയം വിശദമായി ചർച്ച ചെയ്യുന്നതിലേയ്ക്ക് അംഗീകൃത സംഘടനകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ അംഗീകൃത സംഘടനകൾ അഭിപ്രായം ലഭ്യമാക്കിയിട്ടില്ല. സംഘടനകളുടെ അഭിപ്രായംകൂടി കണക്കിലെടുത്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br>പ്രൊഫ. സുശീൽ ഖന്നയുടെ പഠന റിപ്പോർട്ടിന്റെ പ്രധാന കണ്ടെത്തലായ ബസ്-ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ (5.5) കൂടുതലാണെന്നതിനെ അടിസ്ഥാനമാക്കി കോർപ്പറേഷന് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ഇത്തരത്തിൽ ക്രമീകരണം നടക്കുന്നതുവരെ എല്ലാത്തരം നിയമനം, സ്ഥാനക്കയറ്റം എന്നിവ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ടി നടപടി ത്വരിതപ്പെടുത്തുന്നതിനായി കോർപ്പറേഷന്റെ സീനിയർ ഓഫീസർമാർ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ച് നടപടികൾ സ്വീകരിച്ച് വരികയാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ ഫലപ്രദമായിരുന്നോയെന്നും നടപടികൾക്ക് ജീവനക്കാരുടെ വിശ്വാസ്യത നേടുന്നതിന് | (ബി) | കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക ബാദ്ധ്യത കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ ഫലപ്രദമായിരുന്നു. ഡ്യൂട്ടി പരിഷ്കരണം ഉൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ അംഗീകൃത തൊഴിലാളി സംഘടന |

| | | | |
|---|---|---|---|
| | സാധിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; | | കളുമായി ചർച്ചചെയ്ത് ജീവനക്കാരുടെ വിശ്വാസ്യത കണക്കിലെടുത്താണ് നടപ്പിൽ വരുത്തിയിട്ടുള്ളത്. |
| (സി) | സാമ്പത്തിക പുനരുദ്ധാരണം നടത്തിയതുവഴി ജീവനക്കാരുടെ ശമ്പളം കെ.എസ്.ആർ.ടി.സി.യുടെ സ്വന്തം ഫണ്ടിൽ നിന്ന് നൽകുന്നതിന് സാധിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നത് സ്വന്തം വരുമാനത്തിൽ നിന്ന് ലഭിക്കുന്ന തുകയും പ്രതിമാസ സർക്കാർ വായ്പാ ധനസഹായമായി നൽകുന്ന തുകയും കൊണ്ടാണ്. കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന ശരാശരി വരുമാനം 6.30 കോടി രൂപയാണ്. ആയതിൽ ശരാശരി 5.20 കോടി രൂപ പ്രതിദിന ചെലവിനത്തിൽ വിനിയോഗിക്കുന്നു. ബാക്കി വരുന്ന ശരാശരി 1.10 കോടി രൂപയിൽ നിന്നുമാണ് ശമ്പളം നൽകിവരുന്നത്. ശമ്പളവും വേതനവും നൽകുവാൻ ശരാശരി 84 കോടി രൂപ ആവശ്യമാണ്. എന്നാൽ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ശരാശരി 30 കോടി രൂപ മാത്രമാണ് ശമ്പളത്തിനായി വരുമാനത്തിൽ നിന്ന് സ്വരൂപിക്കാൻ കഴിയുന്നത്. പ്രതിമാസം സർക്കാർ വായ്പാ ധനസഹായമായി നൽകുന്ന തുകയും ചേർത്ത് മാസാന്ത്യം 46 കോടി രൂപ മാത്രമേ കോർപ്പറേഷന്റെ കൈയ്യിൽ ഉണ്ടാവുകയുള്ളൂ. ആയതിനാൽ നെറ്റ് ശമ്പളവും വേതനവും നൽകുന്നതിന് തൊട്ടടുത്ത മാസം 15 മുതൽ 25 ദിവസം വരെയുള്ള പ്രതിദിന വരുമാനം കൂടി ചേർത്താണ് 73 കോടി രൂപ സ്വരൂപിച്ച് കഴിഞ്ഞ കുറെ മാസങ്ങളായി ശമ്പളവും വേതനവും നൽകി വരുന്നത്. പ്രളയം കാരണം സർവ്വീസുകൾ താറുമാറാകുകയും വളരെ കുറച്ച് ബസ്സുകൾ മാത്രമേ സർവ്വീസ് നടത്താൻ കഴിഞ്ഞുള്ളൂ. ഇക്കാരണത്താൽ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി. കൂടാതെ ഡ്രൈവർമാരുടെ കുറവ് കാരണം ഷെഡ്യൂൾ ഓപ്പറേഷനിൽ കുറവ് വന്നതും കോർപ്പറേഷന്റെ വരുമാനത്തിൽ കുറവുണ്ടായതിന് കാരണമാണ്. വിവിധ ഓയിൽ കമ്പിനികൾക്കും, എസ്.ബി.ഐ ക്യാപ്സിനും നൽകുവാനുണ്ടായിരുന്ന കുടിശ്ശിക തുക, ശമ്പളത്തിനായി സർക്കാർ നൽകിവരുന്ന തുകയിൽ നിന്നും ജൂൺ |

| | | | |
|---|---|---|---|
| | | | മാസം മുതൽ കുറവ് ചെയ്യുതും ശമ്പളം വൈകുന്നതിന് കാരണമായിട്ടുണ്ട്. ഇക്കാരണത്താൽ ചില മാസങ്ങളിൽ ശമ്പളം മാസത്തിന്റെ അവസാന പ്രവൃത്തി ദിവസം നൽകുവാൻ സാധിച്ചില്ല. തൊട്ടടുത്ത മാസത്തെ വരുമാനം എടുത്താണ് ശമ്പള വിതരണം നടത്തിയത്. എന്നാൽ നിലവിൽ ജീവനക്കാർക്ക് നൽകുവാനുള്ള ശമ്പള വേതന വിതരണത്തിൽ കുടിശ്ശികയൊന്നും വരുത്തിയിട്ടില്ല. |
| (ഡി) | കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനസൗഹൃദവുമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ? | (ഡി) | പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ (എ) പിരിവിന്റെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ, കെ.എസ്.ആർ.ടി.സി.യിലേയ്ക്ക് യാത്രക്കാരെ ആകർഷിയ്ക്കുന്നതിനും ജനകീയമാക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ നൂതന സൗകര്യങ്ങളോടു കൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം M/s. Abhibus മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മാത്രവുമല്ല നിലവിൽ 648 സർവ്വീസുകളിൽ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റലൈസേഷന്റെ ഭാഗമായി 26 റിസർവേഷൻ കൗണ്ടറുകളിൽ Point of Sale (POS) മെഷീനുകളും ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ചുള്ള അഭിപ്രായങ്ങളും പരാതികളും അറിയിക്കുന്നതിനും യാത്രാ വിവരങ്ങൾ അന്വേഷിക്കുന്നതിനുമായി വാട്സ് അപ്പ് നമ്പരും, ഫെയ്സ് ബുക്ക് ഒഫിഷ്യൽ പേജും നിലവിൽ വരുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് 24 മണിക്കൂറും പ്രസ്തുത സംവിധാനങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരങ്ങൾ തേടാവുന്നതാണ്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ അന്തർ സംസ്ഥാന സൂപ്പർ ക്ലാസ് സർവ്വീസുകളെ സംബന്ധിച്ചും കെ.എസ്.ആർ.ടി.സി പൊതുജനങ്ങൾ |

| | | | |
|---|---|---|---|
| | | | ക്കായി നൽകുന്ന സേവനങ്ങളെക്കുറിച്ചും ഫെയ്സ് ബുക്ക്, വാട്സ് അപ്പ് എന്നീ നവമാധ്യമങ്ങളിലൂടെ വിവരങ്ങൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ